A | 1012

# സമഗ്ര ശിക്ഷാ, കേരളം

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2022-23

ക്ലാസ് : X

## മലയാളം

### അടിസ്ഥാനപാഠാവലി

സമയം : 1½ മണിക്കൂർ

ആകെ സ്കോർ : 40

**നിർദേശങ്ങൾ**

- പതിനഞ്ച് മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം**

**(4 × 1 = 4)**

1. "ഞാനിവിടെ വന്നുകൂടിയില്ലെങ്കിൽ പിച്ചപ്പാളയും കൊണ്ടിറങ്ങേണ്ടി വന്നേനെ അവന്."

(കോഴിയും കിഴവിയും)

മത്തായിയുടെ എന്ത് മനോഭാവമാണ് ഈ വാക്കുകളിൽ തെളിയുന്നത്?

- അഭയംതന്നവരോടുള്ള അനുകമ്പ
- പണമുണ്ട് എന്ന അഹംഭാവം
- മർക്കോസിനോടുള്ള സ്നേഹം
- അയൽക്കാരോടുള്ള കരുണ

2. 'പലമതസാരവുമേകം' എന്ന ശ്രീനാരായണ ദർശനത്തിന്റെ ആശയവുമായി യോജിക്കുന്ന വാക്യം തിരഞ്ഞെടുത്തെഴുതുക.

- ഓരോ മതത്തിനും ഓരോ തത്വമാണ്.
- ഓരോ മതത്തിൽ വിശ്വസിക്കുന്നവരും വ്യത്യസ്തരാണ്.
- എല്ലാ മതങ്ങളുടെയും തത്ത്വം ഒന്നുതന്നെയാണ്.
- മനുഷ്യനന്മയെക്കുറിച്ച് മതങ്ങൾക്ക് വ്യത്യസ്തമായ കാഴ്ചപ്പാടുകളാണുള്ളത്.

3. "പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനം, അച്ചടിച്ചത് കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു എന്നതാണ്."(പത്രനീതി)

സാമുവൽ ബട്ലറുടെ ഈ വാക്കുകളിൽ തെളിയുന്നതെന്ത്?

- പത്രങ്ങൾ സമൂഹത്തിന് നന്മചെയ്യുന്നു.
- ജനങ്ങൾക്ക് പത്രങ്ങളോടുള്ള അടുപ്പം കൂടുന്നു.
- ജനങ്ങൾ പത്രവാർത്തകൾ കൂടുതൽ വിശ്വസിക്കുന്നു.
- അസത്യവാർത്തകളിലൂടെ പത്രങ്ങൾ സ്വന്തം വിശ്വാസ്യത നഷ്ടപ്പെടുത്തുന്നു.

4. "ഭാരതീയ വേദാന്തത്തിന്റെ പരമലക്ഷ്യം മോക്ഷമാണ്."

(ശ്രീനാരായണഗുരു)

പരമലക്ഷ്യം എന്ന പദം വിഗ്രഹിച്ചാൽ?

- പരമവും ലക്ഷ്യവും
- പരമം എന്ന ലക്ഷ്യം
- പരമമായ ലക്ഷ്യം
- പരമം, ലക്ഷ്യം എന്നിവ

5. "ഈ വയ്യാവേലിയിൽനിന്ന് തലവലിക്കാൻ മത്തായി കുറേ പാടുപെടേണ്ടി വന്നു."

(കോഴിയും കിഴവിയും)

'തലവലിക്കുക' എന്ന പ്രയോഗംകൊണ്ട് അർഥമാക്കുന്നതെന്ത്?

- ആപത്തിൽപ്പെടുക
- രക്ഷപ്പെടുക
- ഉത്തരവാദിത്തം ഏറ്റെടുക്കുക
- ഒളിച്ചുനിൽക്കുക

**6 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം**
**(2× 2 = 4)**

6. "അവർ അന്നു സുഖമായി അത്താഴം കഴിച്ചു. അൽപ്പം താമസിച്ചെന്നു മാത്രം."

(കോഴിയും കിഴവിയും)

-ഈ സന്ദർഭം കഥാഗതിയെ സ്വാധീനിക്കുന്നതെങ്ങനെ? രണ്ടു സൂചനകൾ കുറിക്കുക.

7. **അർഥവ്യത്യാസം വരാതെ രണ്ടു വാക്യമാക്കുക.**

"ശ്രീനാരായണസന്ദേശങ്ങളെ ദേശകാലോചിതമായി വ്യാഖ്യാനിക്കുകയും വിലയിരുത്തുകയും ചെയ്യുക എന്നത് ഇന്നത്തെ ഒരാവശ്യമാകുന്നു."

8. "പത്രമില്ലാതെയുള്ള ഭരണത്തേക്കാൾ താൻ അഭിലഷിക്കുക, ഭരണമില്ലാതെ പത്രമുള്ള അവസ്ഥയാണ്." (പത്രനീതി)

ജഫേഴ്സൺ ഇങ്ങനെ അഭിപ്രായപ്പെട്ടത് എന്തുകൊണ്ടാവും? രണ്ടു നിരീക്ഷണങ്ങൾ എഴുതുക.

**9 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**
**4 സ്കോർ വീതം (5 × 4 = 20)**

9. "'കോഴിയും കിഴവിയും' എന്ന ചെറുകഥയിലെ 'കോഴി', മനുഷ്യന്റെ ആർത്തിയുടെയും 'കിഴവി' മാനവികതയുടെയും പ്രതീകമാണ്."

തന്നിരിക്കുന്ന പ്രസ്താവനയുടെ അടിസ്ഥാനത്തിൽ 'കോഴിയും കിഴവിയും' എന്ന ശീർഷകത്തിന്റെ ഔചിത്യം വ്യക്തമാക്കുക.

10. "മനുഷ്യന്റെ ജാതി മനുഷ്യത്വമാണ്."

"മതമേതായാലും കൊള്ളാം, മനുഷ്യൻ നന്നായാൽ മതി." (ശ്രീനാരായണഗുരു)

കേരളീയരെ മനുഷ്യത്വം പഠിപ്പിച്ച മഹാഗുരുവിന്റെ ദർശനങ്ങൾ എക്കാലത്തും പ്രസക്തമാണ്. സമകാലിക ലോകസാഹചര്യങ്ങൾ വിശകലനം ചെയ്ത് നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

11. "പത്രത്തെ എതിർക്കേണ്ടിവന്നാൽ, ആ എതിർപ്പിനുപോലും പ്രചാരം വേണമെങ്കിൽ പത്രത്തെ തന്നെ ആശ്രയിക്കണം." (പത്രനീതി)

സാമൂഹികമാധ്യമങ്ങൾ വ്യാപകമായ പുതിയ കാലഘട്ടത്തിൽ ഈ പ്രസ്താവന എത്രത്തോളം പ്രസക്തമാണ്? വിലയിരുത്തുക.

12. "ആ പൂവൻകോഴി ഒരു വിപ്ലവം അഴിച്ചുവിട്ടു. ആ രാത്രി അതു മത്തായിയുടെ തലച്ചോറിനകത്തു ചികയുകയും മാന്തുകയും കൊത്തിപ്പെറുക്കുകയും ചെയ്തു."

(കോഴിയും കിഴവിയും)

'ദുഷിച്ച ചിന്തകളുടെ ഇത്തരം 'ചികയലും മാന്തലു'മാണ് സമൂഹത്തിലെ പല പ്രശ്നങ്ങൾക്കും കാരണമായിത്തീരുന്നത്.'

-ഈ പ്രസ്താവനയെ പാഠഭാഗവുമായി ബന്ധപ്പെടുത്തി കുറിപ്പു തയാറാക്കുക.

13. "നന്മകൾ കേട്ടതു കണ്ടതു
ചൊല്ലാൻ നാക്കിനു കഴിയട്ടെ.
തിന്മകൾ കണ്ടാൽ കൊത്തിക്കീറാൻ
കൊക്കിനു കഴിയട്ടെ" (തത്തമ്മ - അയ്യപ്പപ്പണിക്കർ)

ഈ വരികൾ സമൂഹത്തിനു നൽകുന്ന സന്ദേശങ്ങൾ എന്തെല്ലാം? കാവ്യഭാഗം വിശകലനം ചെയ്ത് കുറിപ്പു തയാറാക്കുക.

14. 
- നല്ല പത്രം വായിക്കാമെന്നുവച്ച് ചീത്തപത്രം നിർത്തുന്നവൻ വിഡ്ഢിയാക്കപ്പെടുന്നു.
- പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനം, അച്ചടിച്ചതു കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു എന്നതാണ്.

മുകളിൽ നൽകിയ സൂചനകൾ വിശകലനം ചെയ്ത്, 'പത്രമാധ്യമങ്ങളിലെ തെറ്റായ പ്രവണതകളെ നിശിതമായി വിമർശിക്കുന്ന' ലേഖനമാണ് 'പത്രനീതി' എന്ന അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം സമർഥിക്കുക.

**15 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക. 6 സ്കോർ വീതം**
**$(2 \times 6 = 12)$**

15. "സഹസ്രാബ്ദങ്ങളായി നിലനിന്നുപോന്ന മൂഢാചാരപാരമ്പര്യത്തെയും അന്ധവിശ്വാസങ്ങളെയും ധീരതയോടെ ധ്വംസിച്ച് സാമൂഹികജീവിതത്തിൽ വിപ്ലവം സൃഷ്ടിച്ച ഉൽപ്പതിഷ്ണുവാണ് ശ്രീനാരായണഗുരു." (ശ്രീനാരായണഗുരു)

നാം വലിച്ചെറിഞ്ഞ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പുതിയ രൂപത്തിൽ കേരളത്തിൽ തിരിച്ചെത്തുന്നുണ്ടോ? സമകാലികസംഭവങ്ങൾ കൂടി വിശകലനം ചെയ്ത് 'നവോത്ഥാന മൂല്യങ്ങളുടെ സംരക്ഷണം' എന്ന വിഷയത്തിൽ എഡിറ്റോറിയൽ (മുഖപ്രസംഗം) തയാറാക്കുക.

16. "അരാജകമായ ഒരവസ്ഥയിൽപ്പോലും സത്യവും നീതിയും പുലർത്തുന്ന പത്രങ്ങളുടെ സാന്നിധ്യം സമൂഹത്തെ രക്ഷിക്കുന്നു."

"സാഹിത്യം വായിക്കപ്പെടുന്നില്ല, പത്രം വായിക്കാൻ കൊള്ളുകയുമില്ല." (പത്രനീതി)

പത്രങ്ങളെ സംബന്ധിച്ച ഈ രണ്ടു നിരീക്ഷണങ്ങളും 'പത്രനീതി' എന്ന ലേഖനവും വിലയിരുത്തി 'സമൂഹപുരോഗതിയിൽ മാധ്യമങ്ങളുടെ പങ്ക്' എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക.

17. "മകനെ മൂടുമറക്കരുത്."

"മത്തായിയൊണ്ടോ ഈ കൂട്ടത്തില്! അവനോടൊന്നു പറഞ്ഞേ, എന്റെ കൈയേൽ പിടിച്ച് വടക്കേതിലേക്കൊന്നു കൊണ്ടുപോകാൻ. ഞാനവിടെ കെടന്നു ചത്തോളാം."

(കോഴിയും കിഴവിയും)

സൂചനകളും പാഠഭാഗവും പരിഗണിച്ച് 'മത്തായിയുടെ അമ്മ' എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.